# KERALA POLICE INFORMATION CENTRE

Ph: 0471 2318188 Email: *info.pol@kerala.gov.in*


No.272/PR/PIC/PHQ/16 Date : 29.09.2016

---

## കുട്ടികൾക്കെതിരെയുള്ള ആരോപണങ്ങൾ- പോലീസ് നടപടികൾക്കുള്ള മാർഗനിർദേശങ്ങൾ പുറപ്പെടുവിച്ചു

കുട്ടികൾക്കെതിരെ ആരോപണം ഉണ്ടാകുമ്പോഴും നിയമപരമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോഴും അവയുടെ ഭാഗമായി കൈക്കൊള്ളുന്ന നടപടികൾ കുട്ടിക്ക് മാനസികമോ ശാരീരികമോ ആയ പീഡനത്തിന് ഇടയാക്കുന്നതാവരുതെന്ന് സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബഹ്റ പോലീസുദ്യോഗസ്ഥർക്ക് നിർദേശം നല്കി. ബാലാവകാശ കമ്മീഷന്റെ ഉത്തരവിനെത്തുടർന്നാണ് ഇതു സംബന്ധിച്ച് പാലിക്കേണ്ട മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തിയ സർക്കുലർ പുറപ്പെടുവിച്ചത്. യാതൊരു കാരണവശാലും പെറ്റി കുറ്റ കൃത്യങ്ങൾ ആരോപിക്കപ്പെട്ട കുട്ടികളെ പോലീസ് സ്റ്റേഷനിൽ വിളിച്ചുവരുത്തി ചോദ്യം ചെയ്യുവാൻ പാടില്ല. കുട്ടികളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുമ്പോൾ നിയമിതനായ ചൈൽഡ് വെൽഫയർ പോലീസ് ഓഫീസറോ, സ്പെഷ്യൽ ജുവനൈൽ പോലീസ് യൂണിറ്റ് അംഗമോ മാത്രമേ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ചോദ്യം ചെയ്യുവാൻ പാടുള്ളൂവെന്നും സംസ്ഥാന പോലീസ് മേധാവി നിർദേശം നല്കി.

********